**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3962** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാർക്ക് നൽകിയിരിക്കുന്ന ചുമതലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശാവർക്കർമാരെ എന്തെല്ലാം ജോലികൾക്കാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മാതൃ-ശിശു സംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുക, പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ, കൊതുകുനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ-ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക, പകർച്ചവ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമൊപ്പം ജീവിതശൈലീരോഗങ്ങൾ, സാന്ത്വന ശുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യ പരിപാടി തുടങ്ങിയവയാണ് ആശപ്രവർത്തകരുടെ പ്രധാന ചുമതലകൾ. |
| (ബി) | ആശാവർക്കർമാർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട എന്തെല്ലാം പരിശീലന ബോധവൽക്കരണ പരിപാടികളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ആശമാർക്കും രണ്ട് ഘട്ടങ്ങളിലായി കമ്പ്യൂട്ടർ പരിശീലനം 2020 -21 , 2021 -22 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിശീലനത്തിലൂടെ ഒന്നാം ഘട്ടത്തിൽ 24046 ആശമാരും രണ്ടാം ഘട്ടത്തിൽ 20988 ആശമാരും ട്രെയിനിംഗ് പൂർത്തിയാക്കി. കൂടാതെ 2022 -23 സാമ്പത്തിക വർഷത്തിൽ ഒരു സ്ഥാപനത്തിന് കീഴിലെ 4 ആശമാരെ തിരഞ്ഞെടുത്ത് അക്ഷയ കേന്ദ്രം വഴി 5028 ആശമാർക്ക് കംപ്യൂട്ടർ റിഫ്രഷർ പരിശീലനവും നൽകി. അത്തരത്തിൽ റിഫ്രഷർ പരിശീലനത്തിൽ ആശമാരെ തിരഞ്ഞെടുത്തപ്പോൾ രണ്ട് ഘട്ടങ്ങളിലും കമ്പ്യൂട്ടർ പരിശീലനം പൂർത്തിയാകാത്തവർക്ക് മുൻഗണന നൽകാൻ നിർദ്ദേശവും നൽകിയിരുന്നു . |

| | | | |
|---|---|---|---|
| | | | കേരള സാക്ഷരതാ അതോറിറ്റിയുടെ സഹായത്തോടെ 2022 -23 സാമ്പത്തിക വർഷത്തിൽ 2039 ആശമാരെ പത്താം തരം തുല്യത കോഴ്സിനു പ്രവേശിപ്പിച്ചു. കൂടാതെ 2023 -24 സാമ്പത്തിക വർഷത്തിൽ 729 ആശമാരെ കേരള സാക്ഷരതാ അതോറിറ്റിയുടെ പന്ത്രണ്ടാംതരം കോഴ്സിനും പ്രവേശിപ്പിച്ചു. |
| (സി) | ആശാവർക്കർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പ്രവർത്തകർക്ക് നിലവിൽ ഓണറേറിയവും ഇൻസെന്റീവുമായി നൽകുന്ന തുക, ഈ ഇനത്തിൽ ഇതര സംസ്ഥാനങ്ങൾ നൽകി വരുന്ന തുകയുമായി താരതമ്യം ചെയ്ത് അറിയിക്കാമോ; | (സി) | അതത് വാർഡ് / ഡിവിഷൻ പരിധിയിലെ സ്ഥിര താമസക്കാരിൽ നിന്നും ആശാ പ്രവർത്തകരെ തെരഞ്ഞെടുക്കേണ്ടതും തെരഞ്ഞെടുപ്പ് നടക്കുന്ന വാർഡിൽ നിന്നും അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ മറ്റു വാർഡുകളിൽ നിന്നുമുള്ളവരെ പരിഗണിക്കാവുന്നതുമാണ്. ഇവർ വിവാഹിതരും, 25 നും 45 നും ഇടയിൽ പ്രായമുള്ളവരും, 10 ാം ക്ലാസ് വിദ്യാഭ്യാസ യോഗ്യത ഉള്ളവരുമായിരിക്കണം. കൂടാതെ നേതൃപാടവവും, ആശയവിനിമയ ശേഷിയും, വിവേചനരഹിതമായി സമൂഹത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന വ്യക്തിയുമായിരിക്കണം. ഇങ്ങനെ ആശയെ തെരഞ്ഞെടുക്കുന്നത് താഴെ പറയുന്ന വ്യക്തികളടങ്ങിയ അഞ്ചംഗ കമ്മിറ്റിയായിരിക്കും.<br><br>1.പഞ്ചായത്ത് പ്രസിഡന്റ്/ മുൻസിപ്പൽ ചെയർപേഴ്സൺ / കോർപ്പറേഷൻ മേയർ<br><br>2.ബന്ധപ്പെട്ട വാർഡ് മെമ്പർ/ കൗൺസിലർ<br><br>3.ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിന്റെ സൂപ്രണ്ട്/ മെഡിക്കൽ ഓഫീസർ<br><br>4.വാർഡ് ഉൾപ്പെടുന്ന സബ് സെന്ററിന്റെ ചുമതലയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്<br><br>5.ഡിസ്ട്രിക്റ്റ് ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ പ്രതിനിധി / ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ നിർദ്ദേശിക്കുന്ന വ്യക്തി<br><br>ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആശയുടെ വിവരം ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജരെ രേഖാമൂലം അറിയിക്കുകയും അംഗീകാരം നേടിയതിനുശേഷം ആവശ്യമായ പ്രാഥമിക പരിശീലനങ്ങൾ പൂർത്തിയാക്കിയെന്ന് ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ സാക്ഷ്യപ്പെടുത്തി ഫീൽഡുതല പ്രവർത്തനങ്ങൾക്ക് വിന്യസിക്കുന്നതുമാണ്. വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | മാസം തോറും നൽകുന്ന 7000 രൂപ ഹോണറേറിയവും, 3000 രൂപ (60:40 എന്ന രീതിയിൽ) പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ആശമാർക്ക് നൽകി വരുന്നത്. ഈ ഇനങ്ങളിലുള്ള തുക മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങൾ ആശമാർക്ക് നൽകുന്ന ഹോണറേറിയം സംബന്ധിച്ച തുക വിവരം **അനുബന്ധം ആയി** ചേർക്കുന്നു. |
| (ഡി) | നിലവിൽ നിയോഗിച്ചിട്ടുള്ള ജോലിക്ക് പുറമെ തദ്ദേശസ്ഥാപനങ്ങളിൽ നടക്കുന്ന മറ്റ് പരിപാടികൾക്കും പ്രസ്തുത പ്രവർത്തകരെ നിർബന്ധപൂർവ്വം പങ്കെടുപ്പിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടില്ല |
| (ഇ) | ആശാവർക്കർമാരെ നിലവിൽ ഏതെങ്കിലും ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ഇല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

| State wise ASHA Honorarium | | |
|---|---|---|
| **Sl.No** | **State / UT** | **Honorarium** |
| 1 | Andaman & Nicobar Island | 500/- |
| 2 | Andra Pradesh | Provides balance amount to match the total incentive of Rs.10000/month /ASHA |
| 3 | Arunachal Pradesh | 2000/- |
| 4 | Bihar | 1000/- |
| 5 | Chhattisgarh | 75% of matching amount of incentives from state fund over the incentives earned by ASHA |
| 6 | Delhi | 3000/- |
| 7 | Gujarat | 2500/- |
| 8 | Haryana | 6100/- |
| 9 | Himachal Pradesh | 4700/- |
| 10 | Jharkhand | 1000/- |
| 11 | Karnataka | 5000/- |
| 12 | Kerala | 7000/- |
| 13 | Maharashta | 3500/- |
| 14 | Manipur | 1000/- |
| 15 | Meghalaya | 2000/- |
| 16 | Madhya pradesh | 4000/- |
| 17 | Odisha | 1000/- |
| 18 | Punucherry | 3000/- |
| 19 | Punjab | 2500/- |
| 20 | Rajasthan | 1650 |
| 21 | Sikkim | 6000/- |
| 22 | Tamil Nadu | NCD Incetive - Rs. 500/- |
| 23 | Telangana | 6750/- |
| 24 | Tripura | Top up @100 % on 8 specific work and 33.33% on NHM work from State exchequer and @ Rs.1000/ fixed for each ASHA and Afs. |
| 25 | Uttar Pradesh | 1500/- |
| 26 | Uttarakhand | 3000/- |

| | | |
|---|---|---|
| 27 | West Bengal | 5250/- |